ഉത്തരം

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഭരണാനുമതി നല്കുന്നത് നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല, ജില്ലാടിസ്ഥാനത്തിലാണ്.

(ബി ആന്റ് സി) ഭരണാനുമതി നല്കി തുക അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനൗദ്യോഗികമായി എം.എൽ.എ.-മാർക്ക് നല്കാറുണ്ട്.

കണ്ണൂർ ജില്ലയിലെ പഞ്ചായത്തുകളിൽ റോഡുകൾക്ക് ഫ്ളഡ് റിലീഫ് ഇനത്തിൽ തുക

251 [2305] ശ്രീ. പി. ജയരാജൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ പിണറായി, വേങ്ങാട്, കോട്ടയം, മാങ്ങാട്ടിടം, മാലൂർ, ചിറ്റാരിപ്പറമ്പ്, കോളയാട്, കണിച്ചാർ എന്നീ പഞ്ചായത്തുകളിലും കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിലും ഏതെല്ലാം റോഡുകൾക്ക് ഫ്ളഡ് റിലീഫ് ഇനത്തിൽ തുക അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ റോഡുകൾക്കും അനുവദിച്ച തുക എത്രയെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചുവരുന്നു.

ഫ്ളഡ് റിലീഫ് ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

252 [2306] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭ-കാലവർഷക്കെടുതികൾ നേരിടുന്നതിന് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് അനുവദിച്ചു കിട്ടിയ സഹായം എത്ര;

(ബി) ഈ തുക ഉപയോഗിച്ച് സംസ്ഥാനത്ത് നടപ്പിലാക്കിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫ്ളഡ് റിലീഫ് ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) 2003-2004 വർഷത്തിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേന്ദ്ര സർക്കാർ വിഹിതമായി നല്കിയ തുക താഴെ കാണും പ്രകാരമാണ്.

	തുക ലക്ഷത്തിൽ
2001-02 . .	5295
2002-03 . .	5560
2003-04 . .	5838

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ജി. ഒ. (എം.എസ്.) നമ്പർ 65/2002/ആർ.ഡി. തീയതി, 2-4-2002-ന്റെ അടിസ്ഥാനത്തിലാണ് ഫ്ളഡ് റിലീഫ് ഫണ്ട് അനുവദിക്കുന്നത്. റോഡുകളുടെ പുനരുദ്ധാരണത്തിന് മാനദണ്ഡങ്ങൾ പരിശോധിച്ച് സർക്കാർ ഭരണാനുമതി നല്കുന്നു. കൃഷിനാശത്തിന് പ്രിൻസിപ്പൽ കൃഷി ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കന്നുകാലികളുടെ നാശനഷ്ടത്തിന് ജില്ലാ മൃഗസംരക്ഷണ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ധനസഹായം മാനദണ്ഡങ്ങൾക്ക് അനുസൃതമായി ജില്ലാ കളക്ടർമാർ അനുവദിക്കുന്നു. മരണമടഞ്ഞവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും, വെള്ളപ്പൊക്കത്തിൽ വീടിന് നാശനഷ്ടം സംഭവിച്ചവർക്കും ബന്ധപ്പെട്ട തഹസിൽദാർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം വിതരണം ചെയ്തു വരുന്നു.

(ഡി) അനുബന്ധമായി വച്ചിട്ടുണ്ട്.†

കാലവർഷക്കെടുതികളും ഉരുൾപൊട്ടലും

253 [2307] ശ്രീ. കെ. പി. രാജേന്ദ്രൻ:

„ പി. എസ്. സുപാൽ:

„ മാങ്കോട് രാധാകൃഷ്ണൻ:

„ എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ജൂൺ മാസത്തിനുശേഷം സംസ്ഥാനത്ത് എത്രയിടങ്ങളിൽ കാലവർഷക്കെടുതികളും ഉരുൾപൊട്ടലുകളുമുണ്ടായി; എവിടെയെല്ലാം;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly